**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 597 — 29.06.2011—ൽ മറുപടിക്ക്

**മുക്കോല ശുദ്ധജല വിതരണ പദ്ധതിയുടെയും വെങ്ങാനൂർ ശുദ്ധജല വിതരണ പദ്ധതിയുടെയും പ്രവർത്തന തകരാറുകൾ മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോവളം മണ്ഡലത്തിലെ മുക്കോല ശുദ്ധ ജല വിതരണ പദ്ധതി എന്നാണ് ആരംഭിച്ചത്; ഇപ്പോൾ പ്രസ്തുത പദ്ധതി ശരിയായി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) കോവളം മണ്ഡലത്തിലെ മുക്കോല ശുദ്ധജല വിതരണ പദ്ധതി 1994—ലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതി ഇപ്പോൾ ശരിയായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ സ്രോതസ്സ് അടിമലത്തുറയിലുള്ള കുഴൽ ക്കിണറാണ്. ഇവിടെ നിന്നും 20 HP പമ്പ് സെറ്റ് ഉപയോഗിച്ച് 150 എം.എം വ്യാസ മുള്ള പമ്പിംഗ് മെയിനിൽ കൂടി 3.5 കി.മീ അകലെയുള്ള മുക്കോലയിലെ ഒ.എച്ച് ടാങ്കിൽ ശേഖരിച്ച് വിഴിഞ്ഞം പഞ്ചായ ത്തിലെ മുക്കോല കോട്ടപ്പുറം, കരിംപള്ളിക്കാവ്, തോട്ടം, മുല്ലൂർ വാഴവിള എന്നീ പ്രദേശങ്ങളിൽ 200 എം.എം മുതൽ 32 എം.എം വരെ വ്യാസമുള്ള വിതരണ കുഴലുകളിലൂടെ ശുദ്ധജലം എത്തിച്ച് പോരുന്നു. പമ്പ് സെറ്റിന് കേടുവരുന്ന സമയത്ത് ഉച്ചക്കട സ്കീമിൽ നിന്നും വിഴിഞ്ഞം വാട്ടർ സപ്ളൈ സ്കീമിൽ നിന്നും വെള്ളം എത്തിച്ച് കൊടുക്കാറുണ്ട്. |
| (ബി) വെങ്ങാനൂർ ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്; ഇപ്പോൾ പ്രസ്തുത പദ്ധതി ശരിയായി പ്രവർത്തിക്കുന്നുണ്ടോ; | വെങ്ങാനൂർ ശുദ്ധജല വിതരണ പദ്ധതി 1971—ൽ ആണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതി ഇപ്പോൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. |